**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 23** **16-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാന രാസപരിശോധനാ ലാബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന രാസപരിശോധനാ ലാബിന് 2023-24 വർഷത്തിൽ സബ്ജക്റ്റ് കമ്മിറ്റി ശിപാർശ ചെയ്തതിലും കുറവ് ഫണ്ടാണ് അനുവദിച്ചിരിക്കുന്നത് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറ്റാന്വേഷണത്തിൽ നിർണായക പങ്ക് വഹിക്കുന്ന ഈ ലാബിന് മതിയായ ഫണ്ട് അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. നിലവിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ പദ്ധതികൾക്കായി 31 ലക്ഷം രൂപ ടി വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ വാങ്ങുവാൻ പദ്ധതിയിട്ടിരുന്ന ഉപകരണങ്ങൾ ഭൂരിഭാഗവും 2024-25 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. |
| (ബി) | ചെലവേറിയ ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് (Annual Maintenance Contract)നും വില കൂടിയ സ്പെയർ പാർട്സുകളും അനലിറ്റിക്കൽ ഉപകരണങ്ങളും അൾട്രാ ഹൈ പ്യൂരിറ്റി (Ultra High Purity) ഗ്യാസും കെമിക്കലുകളും ഗ്ലാസ് ഉപകരണങ്ങളും വാങ്ങുന്നതിനും ആവശ്യമായ ഫണ്ട് ഇല്ലാത്തതിനാൽ പരിശോധന തടസപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉപകരണങ്ങളുടെ കുറവ് മൂലം പരിശോധന തടസ്സപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടില്ല. ഫണ്ടിന്റെ പരിമിതിയുള്ള സാഹചര്യത്തെ വാർഷിക പരിപാലന കരാറുകൾ അർദ്ധ വാർഷികമായി പണം കൊടുക്കുന്ന രീതിയിൽ ക്രമീകരിച്ച് മറികടന്നിട്ടുണ്ട്. സ്പെയർ പാർട്സുകൾ സ്ഥാപനങ്ങളിൽ നിന്നും വാങ്ങി തടസ്സം കൂടാതെയുള്ള ലബോറട്ടറിയുടെ പ്രവർത്തനം ഉറപ്പാക്കിയിരുന്നു. |
| (സി) | വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന പൊതുശീർഷകത്തിൽ രണ്ട് സ്ഥാപനങ്ങൾക്കും ഒരുമിച്ച് ഫണ്ട് അനുവദിക്കുന്നത് പ്രസ്തുത ലാബിന്റെ പ്രവർത്തനങ്ങൾക്ക് തടസ്സമാകുന്നുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | കെമിക്കൽ എക്സാമിനേഴ്സ് ലാബോറട്ടറി വകുപ്പ്, ആഭ്യന്തര വകുപ്പിനു കീഴിൽ ആണെങ്കിലും ഫണ്ട് അനുവദിക്കുന്നത് "വൈദ്യ സഹായ രംഗവും, പൊതുജനാരോഗ്യവും" എന്ന ശീർഷകത്തിൽ നിന്നാണ്. 2024 ലെ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ പ്രവർത്തിപഠന റിപ്പോർട്ട് ഇക്കാര്യം ചൂണ്ടിക്കാട്ടുകയും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് ഫോറൻസിക് സയൻസ് ലബോറട്ടറിയുമായി ലയിപ്പിക്കുന്നതിനും ശീർഷകം ആഭ്യന്തര വകുപ്പിന് കീഴിൽ ആക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | 2025-26 സാമ്പത്തിക വർഷത്തിൽ പ്രസ്തുത സ്ഥാപനത്തിന് മതിയായ ഫണ്ട് അനുവദിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനും, ആധുനികവൽക്കരണത്തിനുമായി 2025-26ലെ പദ്ധതി വിഹിതമായി 200 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ